# പുലിമനുഷ്യൻ

## ചെറുകഥ

## കണക്കൂർ ആർ സുരേഷ്കുമാർ

ഉച്ചയൂണ് കഴിഞ്ഞ് ഓഫീസിൽ കമ്പ്യൂട്ടറിന്റെ വിളറിയ മുഖം നോക്കി വെറുതെ ചടഞ്ഞിരിക്കുമ്പോഴാണ് പത്രം നിവർത്തിക്കാട്ടി സുഹൃത്ത് ശ്രദ്ധ ക്ഷണിച്ചത്. ''ഇത് നിങ്ങടെ നാട്ടിലെ വാർത്തയല്ലെ ? കണ്ടാരുന്നോ ? ''

അഞ്ചുവയസ്സുകഴിഞ്ഞ ഒരു പെൺകുട്ടിയെ പുലിമനുഷ്യൻ ആക്രമിച്ചു കൊന്നതായിരുന്നു ചെറിയ കോളത്തിലൊതുങ്ങിയ വിചിത്രമായ ആ വാർത്ത. തികച്ചും അവിശ്വസനീയം ! സംഭവം നടന്നിരിക്കുന്നത് എന്റെ ഗ്രാമത്തിലും. വിശദവിവരങ്ങൾക്കായി ഉടൻ നാട്ടിലേക്ക് വിളിച്ചു.

മാതാപിതാക്കളോടൊപ്പം പൂരം കണ്ടുനിന്ന് വൈകി, കാട്ടിറമ്പിലൂടെ നടന്നുവരികയായിരുന്നു ആ കുരുന്ന്. എവിടെ നിന്ന് എന്നറിയില്ല, പൊടുന്നനെ ഒരാൾരൂപം.. ദേഹം മുഴുവൻ പുള്ളികൾ ഉണ്ടായിരുന്നത്രേ ! ചാടിവീണ് കുട്ടിയെ കൈക്കലാക്കിയിട്ട് വന്നതിൽ വേഗം തിരികെ പോയി. അവരുടെ നിലവിളികൾ പിന്നിലാക്കി മരങ്ങളിലൂടെ ചാടിച്ചാടിയാണത്രേ അത് പോയത്. ആ പാവം അമ്മ ബോധരഹിതയായി വീണു. അച്ഛൻ ആർത്തലച്ച് കുറേ ദൂരം പിന്നാലെ ഓടി. ഇരുട്ടുവീണ കാട്ടിൽ അയാൾ അന്ധാളിച്ചു കാണും.

ആളുകൾ കൂടി. അവർ തിരച്ചിൽ ആരംഭിച്ചു. കാടല്ലെ ? ഇരുട്ടല്ലെ ?

രാത്രി മുഴുവൻ തിരച്ചിൽ നടത്തിയിട്ടും കുട്ടിയേയൊ പുലിമനുഷ്യനേയൊ കണ്ടെത്തിയില്ല. അടുത്ത ദിവസം പകൽ പുഴക്കരയിലെ പൊന്തകളിലും കാടിന്റെ വന്യതയിലുമൊക്കെ തിരഞ്ഞു. ഒടുക്കം ദൂരെ ഒരിടത്തുനിന്ന് കുട്ടിയുടെ ചേതനയറ്റ ദേഹം കണ്ടുകിട്ടി. ഒരു മരത്തിന്റെ കവരത്തിലാണ് മാന്തിക്കീറിയ നിലയിൽ ആ കുരുന്നുദേഹം കണ്ടത്. തികച്ചും അവിശ്വസിനീയമായ വാർത്ത തന്നെ!

അടുത്ത ദിവസം പത്രത്തിൽ കൂടുതൽ വിവരണങ്ങൾക്കായി പരതി. ഒന്നും കണ്ടില്ല. വടക്ക് ഒരു സന്യാസി സർക്കാരിനെതിരെ സത്യഗ്രഹം അനുഷ്ടിക്കുന്നതിനെ കുറിച്ചാണ് പത്രങ്ങൾ മുഴുവൻ. സർക്കാർ തങ്ങളുടെ ജീവനക്കാർക്കായി രണ്ടു ശതമാനം ക്ഷാമബത്ത പ്രഖ്യാപിച്ചതിന്റെ സന്തോഷം ലഭിച്ചമാത്രയിൽ പുലിമനുഷ്യനെ ഞങ്ങൾ വിട്ടു. പക്ഷെ രണ്ടുദിവസത്തിനുള്ളിൽ പുലിമനുഷ്യൻ വീണ്ടും വാർത്തകളിൽ നിരന്നു.

ആദ്യ ആക്രമണം നടന്നയിടത്തുനിന്നും അല്പം മാറിയ ഒരിടത്ത് അഞ്ചുവയസ്സിനടുത്ത് പ്രായമുള്ള ഒരു പെൺകുട്ടിയാണ് വീണ്ടും ഇരയായത്. വീട്ടിനടുക്കൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു അവൾ. അസ്തമയത്തിന് തൊട്ടുമുൻപുള്ള സമയം. കുട്ടിയുടെ കൂടെ കളിച്ചുകൊണ്ടിരുന്ന അല്പം മുതിർന്ന മറ്റ് രണ്ടുകുട്ടികൾ നോക്കിനിൽക്കെ മരങ്ങൾ മാറിമാറി ചാടിയെത്തിയ പുലിമനുഷ്യൻ കുട്ടിയെ തട്ടിയെടുത്ത് കടക്കുകയായിരുന്നു.

ഇത്തവണയും കഠിനമായ തിരച്ചിൽ നടന്നെങ്കിലും വളരെ വൈകിയാണ് ഉൾക്കാട്ടിലെ പാറക്കൂട്ടത്തിൽ നിന്ന് ശരീരാവശിഷ്ടങ്ങൾ കണ്ടെത്തിയത്. അതോടെ ജനങ്ങൾ ഇളകി. പുലിമനുഷ്യൻ വെറും തോന്നലായിരുന്നു എന്നും കുട്ടിയെ തട്ടിയെടുത്തത് ഏതോ സാമൂഹ്യവിരുദ്ധനാണെന്നും പറഞ്ഞ പോലീസ് ഇതോടെ കുഴഞ്ഞു.

ദിവസവും പലവട്ടം ഫോൺ ചെയ്തും മലയാളം ചാനലുകൾ പരതിയും ദൂരെനാട്ടിലിരുന്ന് ഞാൻ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു.

''അതേതാച്ഛാ ആ കുട്ടി ?'' ഞാൻ ഫോണിലൂടെ തിരക്കി.

''അത് നീയാ മന്തൻ വേലായ്ധനേ അറിയോ ? ആദ്യം തേമ്പിള്ളീലെ പണിക്കാരനാർന്നു. പണ്ട് നമ്മടെ കളത്തിലൊക്കെ പണിക്ക് കൂടാരുന്നു. അയാടെ പത്താമത്തെ മോൻ സുമാരൻ ഒരുത്തനൊണ്ട്. അവൻ പണിക്കൊന്നും കുടാറില്ല. വിസിനസ്സ് ഒണ്ട്. അവന്റെ എളേ മോളാ... ''

കുറേ ശ്രമിച്ചിട്ടും എനിക്ക് ആക്കൂട്ടരെ മനസ്സിലായില്ല. ഒടുക്കം ഞാൻ അച്ഛനോട് സുല്ലിട്ട് പിൻമാറി. എങ്കിലും ഇവിടെ, വളരെ ദൂരെയുള്ള ദേശത്തിരുന്ന് ഞാൻ സഹപ്രവർത്തകരോട് വീമ്പുപറയാൻ മടിച്ചില്ല.

''കഷ്ടം... ഞാൻ അടുത്തറിയുന്ന ഒരു കുടുമ്പാണ്. ഈ സുകുമാരനേം അയടച്ഛൻ വേലായുധനേം അറിയും. ഞങ്ങടെ പണിക്കാരായിരുന്നു. ഈ സുകുമാരന്റെ രണ്ട് കുട്ടികളിൽ എളേതിനെയാണ് ഇപ്പം പുലിമനുഷ്യൻ പിടിച്ചത്. പാവങ്ങൾ. എങ്ങനെ സഹിക്കും ? ''

''ഈ നൂറ്റാണ്ടിലും ഇതൊക്കെ വിശ്വസിക്കാൻ ആളുണ്ടന്നതാ അതിശയം. ഇതൊക്കെ വെറുതെ ഒരോ തോന്നലാ.. പുലിമനുഷനും ചെന്നായുമൊന്നുമല്ല ഇതിന്റെ പൊറകിൽ.. ഏതോ ഞരമ്പുരോഗിയാണ്. ഒരു ഇഡിയറ്റ്... '' ഒരു സുഹൃത്ത് രോഷം കൊണ്ടു.

''എങ്കിലും ഒരു കുട്ടിയേയും പൊക്കി ഇത്രവേഗം ഇത്രേം ദൂരം എത്തുവാൻ മനുഷ്യരേക്കൊണ്ടാവുമോ ? ''

''ഒരാള് ഒറ്റക്കാവില്ലന്നേ... ഒരു സംഘോണ്ടാവും പിന്നിൽ... ''

''സ്കോട്ട്ലണ്ടില് ഒരാളൊണ്ടത്രേ.. പക്ഷെ അത് ദേഹം മുഴുവൻ പുലീടെ പോലെ ചുട്ടി കുത്തിയ ഒരു മനുഷ്യനാണ്. ആളേക്കൊല്ലിയല്ല. '' മറ്റൊരാൾ പറഞ്ഞു.

''അമേരിക്കേല് ചുപ്പക്കബ്രാന്ന് പറഞ്ഞൊരുകൂട്ടോണ്ട് പോലും. നമ്മള് കാട്ടുമാക്കാൻ എന്നൊക്കെ വിളിക്കില്ലേ ? അതുപോലെ തന്നെ. വളർത്തുമൃഗങ്ങളെ കൊന്ന് ചോര കുടിക്കുന്നു എന്ന് കരുതുന്ന ഇതിനെ ഇതുവരെ ശരിക്കും പിടികിട്ടിയിട്ടില്ല.. അവിടേം ഇവിടേം കണ്ടൂന്ന് പറേന്നതല്ലാതെ... ''

''നമുക്കിനീം അറിയാത്ത എന്തൊക്കെ ഈ കൊച്ചുലോകത്തിൽ തന്നെയുണ്ട് !''

ഇത്തരത്തിൽ ഞങ്ങളുടെ ചർച്ച പോയി. പത്രങ്ങൾ നിറം വച്ച് കഥകൾ പടച്ചു. ചാനൽ കാമറകൾ ഞങ്ങടെ കുഗ്രാമത്തിന്റെ മുക്കും മൂലയും ഒപ്പിയെടുത്ത് പ്രദർശ്ശിപ്പിച്ചു. രാഷ്ട്രീയക്കാർ സംഗതി ഏറ്റെടുത്തതോടെ കഥ അല്പം മാറി.

നാട്ടിലും കാട്ടിലും പുലിമനുഷ്യന് വേണ്ടി ശക്തമായ തിരച്ചിൽ നടന്നു. പഞ്ചായത്താപ്പീസിനോട് ചേർന്ന് ഒരു പോലീസ് കണ്ട്രോൾ റൂം തുറന്നു. വൈദ്യുതിവകുപ്പുകാർ കത്താതെ കിടന്ന വഴിവിളക്കുകൾ എല്ലാം ഒറ്റനാൾ കൊണ്ട് ശരിയാക്കി.

സംശയം തോന്നിയ ചില സ്ഥലങ്ങളിൽ സദാസമയവും മിഴി തുറന്നിരിക്കുന്ന നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു. കൊച്ചുകുട്ടികളെയെല്ലാം വീട്ടുകാരും നാട്ടുകാരും പ്രത്യേകം ശ്രദ്ധിച്ചു.

എന്നിട്ടും എല്ലാവരേയും ഞെട്ടിച്ചുകൊണ്ട് വീണ്ടും അത് സംഭവിച്ചു. ഒരു വൈകിട്ട് വീടിന് പിന്നാമ്പുറത്ത് വെളിക്കിരിക്കുവാൻ വന്ന ഒരു ആറുവയസ്സുകാരൻ ബാലനെയാണ് പുലിമനുഷ്യൻ പൊക്കിയെടുത്തത്. ശേഷം പുഴയരികിലുള്ള പൊന്തയിലേക്ക് ആ ജീവി ഒറ്റക്കുതിപ്പിന് കുട്ടിയുമായി മറഞ്ഞു. അവിടെനിന്നുയർന്ന നിലവിളി അല്പസമയത്തിനുള്ളിൽ നാടുമുഴുവൻ പടർന്നു. ആദ്യത്തെ അന്ധാളിപ്പിൽ ജനം പകച്ചു. എങ്കിലും പിന്നീട് നടന്നത് അതിശക്തമായ തിരച്ചിൽ ആയിരുന്നു.

കാട്ടുമുക്കായതിനാൽ രാത്രിയിലെ തിരച്ചിൽ എളുപ്പമല്ലല്ലൊ ? ദൂരെനിന്നും അഗ്നിശമന വകുപ്പിന്റെ വക വലിയ ലൈറ്റ് മാസ്റ്റുകൊണ്ടുവന്ന് പുഴയോരത്ത് സ്ഥാപിച്ചു. നേരത്തെ നിശ്ചയിച്ചിരുന്ന ഒരു പാറ്റേണിൽ ജനങ്ങളും പോലീസും അർദ്ധ സൈനികരും ഒക്കെച്ചേർന്ന് പല ഗ്രൂപ്പുകളായി തിരച്ചിൽ നടത്തി. ഉന്നതറാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരാണ് തിരച്ചിലിന് മേൽനോട്ടം വഹിച്ചത്.

ഇത്തവണ ആ ക്രൂരജീവി പിടിക്കപ്പെടുമെന്ന് ജനം കരുതി. പക്ഷെ ഒന്നും ഉണ്ടായില്ല. ഞങ്ങളുടെ ഗ്രാമം ആകെയൊരു ഭീതിയുടെ നിഴലിലാണ്ടു. പിന്നെ അത് ഒരുതരം പകയായി മാറി. ജനം വല്ലാതെ ഇളകി. ജില്ല മുഴുവൻ ഹർത്താൽ പ്രഖ്യാപിച്ചു.

സംസ്ഥാനത്തിന്റെ മിക്കയിടങ്ങളിലും ജാഥകൾ തെരുവുകൾ കീഴടക്കി. അവർ സർക്കാർ വാഹനങ്ങൾ വാശിയോടെ നശിപ്പിച്ചു. പ്രതിപക്ഷം പുലിമനുഷ്യനെ പിടിക്കുന്നതിൽ പരാജയപ്പെട്ട ഭരണപക്ഷത്തിന്റെ രാജിയിൽ കുറഞ്ഞ് മറ്റൊന്നും കൊണ്ട് തൃപ്തിയടയില്ല എന്ന് പ്രഖ്യാപിച്ചു. വാർത്തകൾ നിരന്തരം ടെലിവിഷൻ ചാനലുകളിലൂടെ ഞാനും കണ്ടുകൊണ്ടിരുന്നു.

ഒരു നെടുവീർപ്പോടെ ഞാൻ അഞ്ചുവയസ്സ് കഴിഞ്ഞ എന്റെ മകളെ നോക്കി. അവൾ ഒന്നുമറിയാതെ തന്റെ ഹോംവർക്ക് ചെയ്യുന്ന തിരക്കിലാണ്. പാവം. നാട്ടിൽ നിന്ന് സുരക്ഷിതമായ ഈ ദൂരത്തിരിക്കുന്ന അവളെ ഞാൻ ആശ്വാസത്തോടെ നോക്കി. ആദ്യമായാണ് ഈ ദൂരം എനിക്കാശ്വാസം നൽകുന്നത്. പക്ഷെ രാത്രി മുഴുവൻ എനിക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല.

''നാട്ടിലൊന്ന് പോയാലോ എന്നോർക്കുവാണ് '' എന്ന് ഞാൻ ഭാര്യയോട് പറഞ്ഞു. എന്തെന്നറിയില്ല..., അവൾ മകളെ അടക്കിപ്പിടിച്ച് കരഞ്ഞു.

ഞങ്ങളുടെ നാട് ആകെ മാറിയിരിക്കുന്നു ! എവിടെയും പോലീസ്.... അർദ്ധസൈനികർ... നിരീക്ഷണ ക്യാമറകൾ...ചെക്ക് പോസ്റ്റുകൾ... ചാനൽകാരുടെ വാഹനങ്ങൾ ! എന്നെ വഴിയിൽ പോലീസ് ചോദ്യം ചെയ്തു. ജനിച്ച നാടാണ് എന്നൊക്കെ പറഞ്ഞുനോക്കി. കാര്യമില്ല. തിരിച്ചറിയൽ കാർഡിലെ അഡ്രസ്സ് വേറെയാണല്ലോ ! ഒടുക്കം അച്ഛൻ പരിചയമുള്ള ഒരു പോലീസുകാരനുമായി എത്തിയപ്പോഴാണ് പഞ്ചായത്ത് വഴിയിലൂടെ വീട്ടിലേക്ക് പോകുവാൻ അനുവാദം ലഭിച്ചത്.

ചെറിയ കുട്ടികളുടെ സ്ക്കൂളുകൾ എല്ലാം പൂട്ടിയിരുന്നു. കുട്ടികൾ പുറത്തെങ്ങും ഇറങ്ങാറില്ല. അതിനിടെ പ്രതിപക്ഷനേതാവ് നാട് സന്ദർശ്ശിച്ചു. കുട്ടികൾ നഷ്ടപ്പെട്ട മാതാപിതാക്കളെ ആശ്വസിപ്പിച്ചു. ഇതറിഞ്ഞ് മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും പറന്നെത്തി.

അവരും ആ ഹതഭാഗ്യരായ മാതാപിതാക്കളെ കണ്ടു. രണ്ടു ലക്ഷം വീതം അവർക്ക് സഹായധനം നൽകുവാൻ ഉത്തരവായി.

കൂടാതെ ഉന്നത ബ്യൂറോക്രാറ്റ് തലത്തിലുള്ള ഒരു മീറ്റിങ് നടക്കുകയുണ്ടായി. അതിൻപ്രകാരം പുലിമനുഷ്യന്റെ നിജസ്ഥിതി അറിയുംവരെ നാട്ടിലെ മൂന്ന് വയസ്സിനും എട്ടുവയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെ മുഴുവൻ ഫോഴ്സിന്റെ സുരക്ഷിതവലയത്തിനുള്ളിൽ പാർപ്പിക്കുവാൻ തീരുമാനമായി.

ഇതിനകം ലോകം മുഴുവൻ ഇത് ഒരു സംസാരവിഷയമായ മട്ടുണ്ട്. ഗൂഗിളിൽ ഏറ്റവും കൂടുതൽ തിരച്ചിൽ പുലിമനുഷ്യന്റെ വിവരങ്ങൾക്കുവേണ്ടിയായി. ഫേസ്ബുക്കിൽ എന്റെ പാവം കുഗ്രാമത്തെ കുറിച്ച് ചൂടുള്ള പോസ്റ്റിങ്ങുകൾ. ചാനലുകളിൽ നിറയെ ചർച്ചകൾ. രണ്ടുവട്ടം ഏതോ ക്യാമറയുടെ മുന്നിൽ വന്നുപെട്ട എന്റെ തലയും ടെലിവിഷനിൽ കണ്ടത്രെ!

സർക്കാർ ഒരുക്കിയ സുരക്ഷാവലയം അതിശക്തമായിരുന്നു. പൂരപ്പറമ്പിൽ ഒരുക്കിയ വലിയ പന്തലിന് ചുറ്റും തോക്കേന്തിയ അർദ്ധസൈനികർ. സുസ്സജ്ജമായ ഒരു കണ്ട്രോൾ മുറി. അവിടെ നിരത്തിയ മോനിട്ടറിലേക്ക് പരിസരം മുഴുവൻ ഒപ്പിയെടുത്ത് നൽകുവാൻ നിരീക്ഷണ ക്യാമറകൾ. ലൈറ്റ് മാസ്റ്റുകൾ. വൈദ്യുതി സദാസമയവും ഉറപ്പാക്കുവാൻ അതിശക്തമായ ജനറേറ്ററുകൾ.

ശേഷം പോലീസ് അകമ്പടിയോടെ കുട്ടികളെ ഒന്നൊന്നായി അങ്ങോട്ട് മാറ്റി. കുട്ടികളെ സന്ദർശിക്കുവാൻ രക്ഷകർത്താക്കൾക്ക് പ്രത്യേക തിരിച്ചറിയൽ കാർഡ് നൽകി. അതില്ലാതെ ആരെയും അകത്ത് കടത്തിവിടില്ല. സുരക്ഷാക്യാമ്പിൽ നിന്നുയർന്ന കലപില ഞങ്ങളുടെ ഗ്രാമാന്തരീക്ഷത്തെ മുഖരിതമാക്കി.

അപ്പോഴാണ് ഒരു വാർത്ത കിട്ടിയത്. കാട്ടരികിൽ ഒരു കുടിലിൽ നിന്ന് 'പാച്ചൻ' എന്ന ആറുവയസ്സുകാരൻ കുട്ടി മാത്രം ക്യാമ്പിലെത്തുവാൻ കൂട്ടാക്കുന്നില്ല ! രോഗിയായ പിതാവിനും വികലാംഗയായ മാതാവിനും ഏക ആശ്രയം ആ കുരുന്നാണത്രെ. ക്യാമ്പിലേക്ക് കുട്ടികളെ കൊണ്ടുവരേണ്ട ചുമതലയുള്ള പഞ്ചായത്ത് മെമ്പർ ആകുന്നത്ര വിളിച്ചു. പാച്ചൻ മാതാപിതാക്കളെ വിട്ടുവരുവാൻ കൂട്ടാക്കിയില്ല. പോലീസ് സൂപ്രണ്ട് നേരിട്ട് വന്ന് വിളിച്ചു. കുട്ടിക്ക് എന്ത് സൂപ്രണ്ട് ?

''അത് സാരമില്ല. ബലമായിട്ട് എടുത്തുകൊണ്ടുപോകാം. '' എന്നായി സൂപ്രണ്ട്.

''അത് വേണ്ട... '' എന്നുപറഞ്ഞിട്ട് പഞ്ചായത്ത് മെമ്പർ ശരിക്കും ഒന്നാലോചിച്ചു. അയാൾ ചുറ്റും നോക്കി. മൂന്നുവശവും കറുത്തകാട് . കാട് മെമ്പറെ നോക്കി തലയിളക്കി. എനിക്ക് പണ്ടേയറിയാം മെമ്പറിനെ. കാഞ്ഞ ബുദ്ധിയുള്ള ആളാണ്. എവിടെ എന്തുചെയ്യണം എന്നൊക്കെ നന്നായി അറിയാം. അയാൾ എമ്മെല്ലേടെ ചെവിയിൽ എന്തോ രഹസ്യമായി മൊഴിഞ്ഞു. എമ്മെല്ലെ അത് മന്ത്രിയെ അറിയിച്ചു. മന്ത്രി സൂപ്രണ്ടിന് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു.

പിന്നെ സൂപ്രണ്ടിന്റെ ഊഴമായിരുന്നു. അയാൾ അതൊക്കെ ഭംഗിയായി ചെയ്യും. പാച്ചന്റെ കുടിയുടെ ചുറ്റുമുള്ള കാട്ടിൽ പലയിടത്തും ആയുധധാരികൾ അലിഞ്ഞുചേർന്നു. വീട് വ്യക്തമായി കാണുന്ന രീതിയിൽ അല്പം മാറി യന്ത്രക്കണ്ണുകൾ സ്ഥാനം പിടിച്ചു. എല്ലാം രഹസ്യമായിത്തന്നെ.

പക്ഷെ ചാനലുകൾ സംഗതിയുടെ മണം പിടിച്ചെടുത്തു. അവർ ചുറ്റുപാടും അല്പം മാറി സർവ്വ സന്നാഹങ്ങളും ഒരുക്കി. ആർക്കാണ് പുലിമനുഷ്യന്റെ ചിത്രം ആദ്യം ലഭിക്കുന്നത് എന്ന വാശിയുണ്ടാവുമല്ലോ അവരുടെ ഇടയിൽ.

ഇതിനിടെ സൈബർ ലോകത്ത് കാടുകയറിയ ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. ഒരു സൈബർ ജോതിഷവിദഗ്ദ്ധൻ മുമ്പുനടന്ന ആക്രമണങ്ങളുടെ തീയതികൾ പഠിച്ചുകൊണ്ട് അടുത്ത ആക്രമണം നടക്കുന്ന തീയതി ഗണിച്ചുപറഞ്ഞു. ഗണിതശ്രേണി നോക്കിയപ്പോൾ ആ ദിവസം ശരിയായിരിക്കുമെന്ന് എനിക്കും തോന്നി.

പുലിമനുഷ്യനുവേണ്ടി  ജില്ല മുഴുവനുമായി  കാട് അടച്ചുള്ള സൈനികരുടെ വക തിരച്ചിൽ ഫലം കാണാഞ്ഞത് കൊണ്ട് സമീപജില്ലകളിലേക്കും വ്യാപിപ്പിച്ചു.

ഞാൻ കാടിനെ നോക്കി. അതെവിടെയാണ് ആ പുലിമനുഷ്യനെ ഇത്ര വിദഗ്ദ്ധമായി ഒളിപ്പിച്ചു പിടിക്കുന്നത് ? അതിന്റെ മരക്കൂട്ടങ്ങൾക്കിടയിലെ ഇരുൾച്ചക്ക് ഇത്ര വൈഭവം ഉണ്ടോ ? പക്ഷെ പാവം കാട്. അന്വേഷണസംഘങ്ങൾ അതിനെ മുഴുവനായി ചവിട്ടിമെതിച്ചു. അവശേഷിച്ച മൃഗങ്ങൾ എവിടെയും നിൽക്കാൻ ഇട കിട്ടാതെ ഓടിത്തളർന്നു. പാടാൻ മറന്ന പക്ഷികൾ ഭയപ്പാടോടെ വികൃതമായി ചിലച്ചു.

ഒടുക്കം ആ ദിവസം എത്തി. എന്നേപോലെ ഒക്കുമിക്കവരും ഇന്നുതന്നെ ആക്രമണം നടക്കുമെന്ന് വിശ്വസിച്ചു. അത് ഉറപ്പാക്കിക്കൊണ്ടാണ് ഞാൻ അടുത്ത ദിവസത്തെ തീവണ്ടിക്ക് മടക്കട്ടിക്കറ്റ്  തത്ക്കാൽ സംവിധാനത്തിൽ എടുത്തത്.

ഒരു മൂടിക്കെട്ടിയ പ്രഭാതമായിരുന്നു അത്. ഞങ്ങളുടെ ഗ്രാമം മാത്രമല്ല ലോകം മുഴുവനും പാച്ചൻ എന്ന കൊച്ചുകുട്ടിയെ കേന്ദ്രമാക്കി ചുറ്റിത്തിരിഞ്ഞു. അവൻ തന്റെ സുഖമില്ലാത്ത പിതാവിനൊപ്പം ഒന്നുരണ്ടുവട്ടം കുടിലിന് വെളിയിൽ എത്തിയത് ഒളിച്ചിരുന്ന ക്യാമറക്കണ്ണുകളിലൂടെ ലോകം മുഴുവൻ കണ്ടു. അപ്പോഴൊക്കെയും ഒളിച്ചിരിക്കുന്ന ആയുധമേന്തിയ പോരാളികൾക്കൊപ്പം ലോകവും ശ്വാസമടക്കി.   സമയം ഏന്തിവലിഞ്ഞ് പൊയ്ക്കൊണ്ടിരുന്നു. മറവിൽ ഇരുന്ന് ആയുധസഞ്ചയങ്ങൾ വിയർത്തു.

‘‘കുട്ടി വീട്ടിനുള്ളിൽ ഇരുന്നാൽ പറ്റില്ല... പുറത്ത് ഇറങ്ങണം..’’ പോലീസ് മേധാവി പഞ്ചായത്ത് മെമ്പറോട് പറഞ്ഞു. പിന്നെയും വൈകിയപ്പോൾ മെമ്പർ മെല്ലെ കുടിലിനെ സമീപിച്ചു.

ചുറ്റുപാടും അസ്വാഭാവികമായി എന്തോ നടക്കുന്നത് അറിഞ്ഞ കുട്ടി പതിവുകളികൾ കൂടി ഉപേക്ഷിച്ച് ഉൾവലിഞ്ഞതായിരുന്നു. മെമ്പർ ഒരു ചിരിയോടെ കുട്ടിയെ നേരിട്ടു.

‘‘ചെക്കാ ... നീയിങ്ങനെ പൊരേല് തന്നെയിരിക്കാതെ പൊറത്ത് പോയി കളിക്കടാ... ’’

പാച്ചൻ പകച്ചു. അവൻ അച്ഛന്റെ കിടക്കയുടെ പിന്നിലൊളിച്ചു. രണ്ടുദിവസത്തെ ബഹളത്തിനിടയിൽ പതിവുതെണ്ടൽ നടക്കാഞ്ഞതുമൂലം അവിടെ  അടുപ്പെരിഞ്ഞിട്ടില്ല എന്ന് മെമ്പർക്ക് മനസ്സിലായി.

അയാൾ പുറത്തുപോയി. അയാളുടെ നിർദ്ദേശാനുസരണം അൽപ്പസമയത്തിനകം വിവിധതരം തീറ്റപ്പണ്ടങ്ങൾ നിരത്തിയ ഒരു വണ്ടി  കാട്ടിറമ്പിൽ എത്തി.  മെമ്പർ വീണ്ടും കുടിലിലെത്തി പാച്ചനോട് പറഞ്ഞു.

‘‘ഡാ... ചെക്കാ... ദേ പൊറത്ത് വണ്ടീല് തിന്നാനൊക്കെ കിട്ടും... പോയി നോക്ക് . വേണ്ടതെന്തെന്നാച്ചാല് എടുത്ത് തിന്ന് ’’

അവയുടെ ഗന്ധം പാച്ചന്റെ കുടിൽ പിടിച്ചെടുത്തു. കുറച്ചുനേരം അനക്കമുണ്ടായില്ല. പിന്നെ കുട്ടി മെല്ലെ വെളിയിൽ ഇറങ്ങി. ഭക്ഷണപ്പൊതികൾ ഇരുന്ന വാഹനം അവൻ കണ്ടു. വിശപ്പ് പാച്ചനെ വല്ലാതെ മോഹിപ്പിച്ചു. അവൻ മെല്ലെ അതിനടുത്തേക്ക് നീങ്ങി. മുടന്തിക്കൊണ്ട് മാതാവ് പിന്നാലെയും. കുട്ടി അടുക്കുന്നതിനൊത്ത് വാഹനവും മുന്നോട്ട് മെല്ലെ നീങ്ങി. വണ്ടി പരിധി വിട്ട് മുന്നൊട്ടുനീങ്ങുന്നത് കണ്ട് ദുർബലമായ ഒരു ചാട്ടത്തിലൂടെ പാച്ചൻ വണ്ടിയിൽ പ്രവേശിച്ചു.

പൊടുന്നനെ കാടൊന്ന് കുലുങ്ങി. ഒരു സംഭവത്തിന്റെ ഉദ്വേഗജനകമായ അന്ത്യം കാണുവാൻ ജനം ഉറ്റുനോക്കവെ, പത്രങ്ങളും ചാനലുകളും ചൂടുവാർത്തക്കുവേണ്ടി ദാഹിച്ചുവലഞ്ഞ് കണ്ണുകഴച്ച് ഇരിക്കവെ, പ്രതിപക്ഷത്തെ നേരിടുവാൻ ഇനിയെങ്കിലും വഴിതുറക്കുമെന്ന് ഭരണപക്ഷം മോഹിക്കവെ, നാളുകൾ നീണ്ട തിരച്ചിലിന് ഒരു അറുതി വരുമെന്ന് ആയുധമേന്തിയ ഭടന്മാർ ചിന്തിക്കവെ, ചൂണ്ടയിൽ കോർക്കപ്പെട്ട ഒരു ഞാഞ്ഞൂൽ പോലെ പാച്ചൻ ഭക്ഷണപ്പൊതിക്കായി വണ്ടിയിൽ തിരയവെ, കാടുകുലുക്കിമറിച്ച് ഒരു ഹുങ്കാരമെത്തി.

ഇതിനകം വണ്ടി ക്യാമറക്കണ്ണുകളുടെ പരിധി വിട്ടകന്നുകഴിഞ്ഞിരുന്നു. ഒരു വികസ്വര രാഷ്ട്രത്തിന് ആർജിക്കാവുന്ന രണ്ടാംതരം ചിന്തകളുടെ ഗതിവേഗം മാത്രമുണ്ടായിരുന്ന സന്നാഹങ്ങൾക്ക് കയ്യെത്തുന്നതിലും വേഗതയായിരുന്നു ആ വണ്ടിക്ക്. വണ്ടിയോടിച്ചയാൾ ദൂരേക്ക് പിഴുതെറിയപ്പെട്ടു.

നിയന്ത്രണക്കൂട്ടിൽ ഒരുപറ്റം സ്ക്രീനുകൾക്ക് മുന്നിൽ ഇരുന്ന് സൂപ്രണ്ട് അലറിവിളിച്ചു. അല്ലെങ്കിലും ഒരു തോൽവി സമ്മതിക്കുവാൻ ആരും ഒരുക്കമല്ലായിരുന്നു. പകച്ചുനിന്ന സകല സന്നാഹങ്ങളും ഒരുമിച്ച് മുന്നോട്ട് നീങ്ങി. ദീർഘമായ ആകാശച്ചാട്ടങ്ങളിലൂടെ വൻകരകൾ ചാടിക്കടന്ന് മൂന്നാം ലോകത്തിന്റെ കുഞ്ഞുമായി മാഞ്ഞുപോയ ഒരു പ്രഹേളികയെ നിസ്സഹായതയോടെ നോക്കി എന്റെ ഗ്രാമം നാണിച്ചുനിന്നു.

പരസ്പരം പഴി പറഞ്ഞും ചെളിയെറിഞ്ഞും ബ്യൂറോക്രസിയും നേതാക്കളും ചാനലുകളിലേക്ക് വീണ്ടും ചേക്കേറി. തിരികെ പോകേണ്ട തിരക്കുള്ളതിനാൽ എനിക്ക് പാച്ചന്റെ മാതാപിതാക്കൾക്ക് പിന്നെ എന്തുസംഭവിച്ചു എന്ന് അന്വേഷിക്കുവാൻ കഴിഞ്ഞില്ല. മറ്റൊരവതാരം ഇനിയൊരാക്രമണം അഴിച്ചുവിടുംവരെ നമുക്ക് സമയമുണ്ടല്ലൊ അല്ലെ ? അതുവരെ ഒരു ഇടവേള.

-------------------------------------കണക്കൂർ ആർ സുരേഷ്കുമാർ